**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*72.** **05.02.2020 ൽ മറുപടിയ്ക്ക്**

## സ്കൂൾ പരിസരങ്ങളിലെ ലഹരി വില്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.സി.മമ്മൂട്ടി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സ്കൂൾ പരിസരങ്ങളിലെ ലഹരി വസ്തുക്കളുടെ വില്പന സർക്കാർ ഗൗരവപൂർവ്വം കാണുന്നുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | ഗൗരവമായി കാണുന്നുണ്ട്. ഷാഡോ എക്സൈസ് ടീമുകളെയും എക്സൈസ് ഇന്റലിജൻസ് വിഭാഗത്തെയും ഉപയോഗപ്പെടുത്തി സ്കൂൾ കോളേജ് പരിസരങ്ങളിൽ കർശനമായ നിരീക്ഷണം നടത്തിവരുന്നു. സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും പരാതി പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളുമായി ബന്ധപ്പെട്ട എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള ഓരോ എക്സൈസ് ഉദ്യോഗസ്ഥർക്കും ചുമതല നൽകിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്ന വില്പന കേന്ദ്രങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. |
| (ബി) | ഇപ്രകാരമുള്ള വില്പനക്കാർക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വ്യവസ്ഥകൾ | (ബി) | കേന്ദ്ര നിയമമായ The Juvenile Justice (Care and Protection of Children) Act 2015-ലെ 77,78 വകുപ്പുകൾ പ്രകാരം കുട്ടികൾക്ക് ലഹരി |

| | | | |
|---|---|---|---|
| | കൂടി ഉൾപ്പെടുത്തി കേസെടുക്കാനുള്ള അനുമതി സംബന്ധിച്ച സർക്കാർ നിലപാടെന്തെന്ന് വ്യക്തമാക്കുമോ; | | പദാർത്ഥങ്ങൾ നൽകുന്നവർക്കെതിരെ പോലീസ് വകുപ്പിന് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം, എക്സൈസ് വകുപ്പിനും കൂടി നൽകുന്നതിലേയ്ക്കായി The Juvenile Justice (Care and Protection of Children) Model Rules, 2016-ലെ Rule 56 Sub-rule 1, Rule 57 എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എക്സൈസ് വകുപ്പ് ഇതുസംബന്ധിച്ച കത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് സമർപ്പിച്ചുവെന്നും ആയതിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ? | (സി) | 03.10.2016 തീയതിയിലെ ഇ.എക്സ്.സി./4054/2016/ എക്സ്.എ.1 നമ്പർ കത്ത് മുഖേന എക്സൈസ് വകുപ്പ് സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.<br>The Juvenile Justice (Care and Protection of Children) Act 2015 ഒരു കേന്ദ്ര നിയമമായതിനാൽ ടി വിഷയത്തിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനുമാത്രമേ കഴിയുകയുള്ളൂ. ആയതിനാൽ അപ്രകാരം ഭേദഗതി വരുത്തുന്നതിന് 17/05/2018-ലെ 60/G2/2017/TD കത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**